"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പന്തളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മുമ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടവും സ്ഥലവും തിരികെ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട്, 01.01.2019 തീയതിയിലെ സ.ഉ.(സാധാ)നം.7/2019/എൽ.എസ്.ജി.ഡി. ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1631/2024/LSGD തീയതി,തിരുവനന്തപുരം, 05-09-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.3346/2010/എൽ.എസ്.ജി.ഡി. തീയതി 27.10.2010
2. സ.ഉ. (സാധാ)നം.7/2019/എൽ.എസ്.ജി.ഡി. തീയതി 01.01.2019
3. പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2023-ലെ ബി.313/2023 നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.01.2024-ലെ LSGD/PD/70999/2023-REV6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പഴയ പന്തളം ബ്ലോക്ക് പഞ്ചായത്തും കുളനട ബ്ലോക്ക് പഞ്ചായത്തും സംയോജിപ്പിച്ച് ഒറ്റ ബ്ലോക്ക് പഞ്ചായത്താക്കി പ്രവർത്തനം ആരംഭിച്ചപ്പോൾ, പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഴയ പന്തളം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടവും അത് സ്ഥിതി ചെയ്യുന്ന സ്ഥലവും ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ ഉടമസ്ഥതയിലേക്ക് കൈമാറുകയുണ്ടായി. ഈ കെട്ടിടത്തിൽ ഗ്രാമന്യായാലയവും പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളും പ്രവർത്തിച്ചു വന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി ചെയ്യാൻ അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചതനുസരിച്ച് 30.11.2018-ലെ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തീരുമാന പ്രകാരം അറ്റകുറ്റപ്പണി നിർവ്വഹിക്കാനും ആയതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് / വികസന ഫണ്ട് വിനിയോഗിക്കുന്നതിനും പരാമർശം (2) പ്രകാരം അനുമതി നൽകുകയുണ്ടായി. ഒപ്പം ടി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമവികസന കമ്മീഷണറിൽ നിന്നും തിരികെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിയും കോഒർഡിനേഷൻ സമിതി തീരുമാനം അനുസരിച്ച് ഉത്തരവായിരുന്നു.

2. എന്നാൽ, പ്രസ്തുത ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ഉടമസ്ഥാവകാശത്തിന്റെ കാര്യത്തിൽ തുടർനടപടി ഉണ്ടായിട്ടില്ലെന്നും സത്വര നടപടി സ്വീകരിക്കണമെന്നും പരാമർശം

(3) കത്ത് പ്രകാരം പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത സ്ഥലം കാട്ടുപിടിച്ച് ചുറ്റുമതിൽ ഇല്ലാതെ സാമൂഹ്യവിരുദ്ധരുടെ കേന്ദ്രമായി മാറിയിട്ടുണ്ടെന്നും ആകയാൽ കെട്ടിടത്തിന്റെ പരിപാലനവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെന്നും എന്നാൽ മേൽ സർക്കാർ തീരുമാനം നടപ്പാവാത്തതിനാൽ ടി പ്രോജക്ട് നടപ്പാക്കാൻ കഴിയുന്നില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെടുന്നു. മേൽ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉണ്ടായിരുന്ന പഴയ ബ്ലോക്ക് ഓഫീസ് കെട്ടിടവും സ്ഥലവും ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകണമെന്നും ബ്ലോക്ക് പഞ്ചായത്ത് അഭ്യർത്ഥിച്ചിരുന്നു.

3. ഇത് സംബന്ധിച്ചുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ടിൽ, വകുപ്പ് സംയോജനം മൂലമുള്ള ഭരണപരമായ ചില പ്രയാസങ്ങൾ കാരണം പരാമർശം (2) ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കാൻ ചില കാലതാമസം ഉണ്ടായിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. വകുപ്പ് സംയോജനത്തിന് ശേഷം ഗ്രാമവികസന കമ്മീഷണർ തസ്തിക നിലവിലില്ല. മേൽ സാഹചര്യത്തിൽ, പരാമർശം (2) ഉത്തരവ്, അതനുസരിച്ച് ഭേദഗതി വരുത്തി ഉചിതമായ പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് കാണുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള ഉത്തരവ് ഇത് സംബന്ധിച്ചുള്ള വിശദമായ പരിശോധനയ്ക്കുശേഷം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗ തീരുമാനമനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പരാമർശ കെട്ടിടവും ആസ്തിയും നിലവിലുള്ള ഉത്തരവ് പ്രകാരം ഗ്രാമവികസന കമ്മീഷണറിൽ നിക്ഷിപ്തമാക്കി തീരുമാനമെടുത്തിട്ടുള്ള ഉത്തരവ് നിലനിൽക്കുന്ന പശ്ചാത്തലത്തിൽ വകുപ്പ് സംയോജനത്തെത്തുടർന്നുള്ള സാഹചര്യം അടിസ്ഥാനപ്പെടുത്തി പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുകയാണ് പ്രശ്ന പരിഹാരത്തിനുള്ള സാധ്യത എന്ന് സർക്കാർ മനസ്സിലാക്കുന്നു.

5. മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനത്തെത്തുടർന്ന് ഗ്രാമവികസന കമ്മീഷണർ തസ്തിക നിലവിലില്ലാത്തതിനാൽ, പഴയ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി ആയിരുന്ന പരാമർശ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ ഗ്രാമവികസന കമ്മീഷണറിൽ നിക്ഷിപ്തമാണെന്നതിനാൽ, ടി ഉടമസ്ഥാവകാശം തിരികെ ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിയ പരാമർശം (2) ഉത്തരവിലെ നിർദ്ദേശം ഭേദഗതി ചെയ്ത് "ഗ്രാമവികസന കമ്മീഷണർക്ക് പകരം പുതിയ സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടർ" എന്നാക്കി ഉത്തരവാകുന്നു. ഒപ്പം പരാമർശം (2) ഉത്തരവിലെ വ്യവസ്ഥ അനുസരിച്ച് ഉടമസ്ഥാവകാശം തിരികെ ബ്ലോക്ക് പഞ്ചായത്തിന് നൽകാനാവശ്യമായ ഭരണപരമായ വകുപ്പുതല നടപടി സത്വരമായി പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

6. മേൽ പറഞ്ഞ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം,തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി, പന്തളം ബ്ലോക്ക് പഞ്ചായത്ത്
തദ്ദേശ സ്വയംഭരണ (RE) വകുപ്പ് (ആവശ്യമായ തുടർ നടപടികൾക്കായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 05-09-2024 13:14:42
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്